കാറ്റഗറി നമ്പർ 191/2024 വിജ്ഞാപന പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായുള്ള അഭിമുഖം 2026 നവംബർ 25,26,27 ഡിസംബർ 4 എന്നീ തീയതികളിൽ നിശ്ചയിച്ചിട്ടുണ്ട് . കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ആസ്ഥാന ഓഫീസിൽ വെച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ഇന്റർവ്യൂ മെമ്മോ അവരവരുടെ പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതും അതോടൊപ്പമുള്ള വ്യക്തിവിവര കുറിപ്പ് പൂരിപ്പിച്ച് ഹാജരാക്കേണ്ടതുമാണ്. അറിയിപ്പ് ലഭിക്കാത്ത ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ആസ്ഥാന ഓഫീസിലെ L R - 1 വിഭാഗവുമായി (0471-2546242) ബന്ധപ്പെടേണ്ടതാണ്.